നഷ്ടകേട്ട്



ഞാൻ താമസിച്ചുകൊണ്ടിരുന്ന വീടിനു് തൊട്ടെതിർവശത്താണു് ആ അഴകുള്ള കെട്ടിടം. അതുവഴിവരുന്നവരാരും ആദ്യമായി കൗതുകത്തോടെ നോക്കുന്നതു് അവിടേക്കായിരിക്കും. ആ തെരുവിലുള്ള മററു വീടുകളെ

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

പ്പററി അറിവില്ലാത്തവക്കു് പറഞ്ഞുകൊടുക്കുന്നതും അതിനെ കേന്ദ്രമാക്കിയാണു്. ആദ്യമായി അവിടെ വീടെടുത്തു് കുടിയുറപ്പിക്കാമെന്നുകരുതി ഞാൻ ചെന്നപ്പോഴും അങ്ങിനെതന്നെയാണുണ്ടായതു്. അതു ഞാനിപ്പോഴും ഓർമ്മിക്കുന്നു.

മഴക്കാലം മാറിയിരുന്നില്ല. തെരുവുകളിൽ അവിടവിടെ വെള്ളം തളംകെട്ടിനില്ക്കുന്നുണ്ടു്. വെള്ളമില്ലാത്തിടമൊക്കെചെളികൊണ്ടു പൊതിഞ്ഞിരിക്കുകയാണു്. ടാറിട്ടറോഡാണു് അതെന്നു തോന്നുകയില്ല. മഴ ചാറുന്നുണ്ടു്. എങ്കിലും കുടയില്ലാതെ നടന്നാലും വലിയ നനച്ചിൽ തോന്നുകയുമില്ല. അവിടൊക്കെ അങ്ങോട്ടുമിങ്ങോട്ടും നടന്നിരുന്നവരാരും കുടപിടിച്ചിട്ടില്ല. പാൻറു് കഴിയുന്നത്ര പൊക്കിപ്പിടിക്കാൻ ഇടത്തുകൈകൊണ്ടു ശ്രമിച്ചുകൊണ്ടു് തടിയൻ കുട വലത്തുകയ്യിൽ നിവർത്തിപ്പിടിച്ചുകൊണ്ടാണു് ഞാൻ ആ കെട്ടിടത്തിൻെറ പടിക്കൽ ചെന്നുനിന്നതു്. തുറന്നുകിടന്നിരുന്ന ഗേററിൽ നിന്നുകൊണ്ടു് ഞാൻ അകത്തേക്കു് കഴുത്തുനീട്ടിനോക്കി. അവിടെ ഉള്ളിൽ വീടിൻെറ വരാന്തയിൽ ഒരു വയസ്സൻ ഇരിക്കുന്നു. തലയൊക്കെ കുറിച്ചു, നരച്ച തലമുടിയാണു്. കുഷണ്ടിയൊട്ടുംഇല്ല. മുഖം; രണ്ടു മൂന്നു ദിവസമായിരിക്കും വടിച്ചിട്ടു്. കയ്യുള്ള ഒരു 'വി'നെക്കു് ബനിയൻ ഇട്ടിട്ടുണ്ടു്. പൊതുവേ പുഷ്ടിയുള്ള ശരീരമാണു്. ചൂരൽക്കസേരയിൽ കാലുരണ്ടും എടുത്തു് കയററി ചുരുണ്ടാണിരിക്കുന്നതു്. വെളിയിലേക്കു്, ആകാശത്തിലേക്കു്, നോക്കിയാണു് ഇരിപ്പു്. അവിടെയിരുന്നു നോക്കിയാൽ തെരുവു നന്നായിക്കാണാം. ഗേററിൽനില്ക്കുന്ന എന്നേയും. എന്നാൽ എന്നിലേക്കു് അയാളുടെശ്രദ്ധ ആകർഷിക്കാൻ ഞാൻ ആവുന്നത്ര ശ്രമിച്ചുനോക്കി. പതുക്കെ ചുമച്ചു; ഫലമില്ല. കുട നല്ലതുപോലെ കുറക്കി; ഫലമില്ല. ഷൂസിലെ ചെളി തട്ടികളയുന്നതിനെന്ന ഭാവത്തിൽ ഉറക്കെ പടിയുടെ തറയിൽ ചവിട്ടിനോക്കി; ഇല്ല. ഫലമില്ല. അയാാം എന്നെ കണ്ടമട്ടേ കാണിക്കുന്നില്ല. ആ തെരുവിലൊരു വീടുണ്ടെന്നറിഞ്ഞു ഞാൻ ചെന്നതാണു്. അതൊന്നു നോക്കണം. കൊള്ളാവുന്നതാണെങ്കിൽ എടുക്കണം. അവിടെ താമസം ഉറപ്പിക്കണം. ഇതാണുദ്ദേശം. സ്ഥലംമാറിവന്നിട്ടു് അധികം ദിവസമായിട്ടില്ല. അതുകൊണ്ടു് ആ നാട്ടിൽ പരിചയമൊന്നുമില്ല ഒരു സ്നേഹിതൻെറ നിർദ്ദേശമനുസരിച്ചു് വീടു് നോക്കാൻ പുറപ്പെട്ടിരിക്കുകയാണു ഞാൻ.

വയസ്സൻെറ ശ്രദ്ധ ആകർഷിക്കാൻചെയ്ത പണിയെല്ലാം പരാജയപ്പെട്ടപ്പോൾ ഞാൻ പതുക്കെ അകത്തേയ്ക്കുതന്നെ കയറിച്ചെന്നു. വരാന്തേയ്ക്കു് അടുത്തെത്തിയപ്പോൾ കസേരയിൽ ഇരിക്കുന്ന ഇരിപ്പിൽ അയാൾ എന്നെ നോക്കി. നരച്ച പുരികമാണു്. അതിൻെറ അപ്പുറത്തു് വളരെ കുഴിഞ്ഞകണ്ണു്; പൂത്തുനില്ക്കുന്ന പുല്ലാംകണച്ചെടിയുടെ ഇടയിൽക്കൂടി തോടിൻെറ അടിയിലുള്ള വെള്ളം തിളങ്ങിക്കണ്ടിട്ടുള്ളതാണു് അതു് എന്നെ ഓർമ്മിപ്പിച്ചതു്. അയാളുടെ മുഖത്തു് ദേഷ്യത്തിൻെറ ഛായ ഞാൻ കണ്ടു. അയാളുടെ സ്വസ്ഥമായ ഇരിപ്പിനു വിഘ്നം വരുത്തിയതിൽ കുറച്ചൊന്നുമല്ലാത്ത ഈർഷ്യയുണ്ടെന്നുതോന്നി.

"എന്താ?"—ശുദ്ധമായ തമിഴിലാണു് അയാൾ സംസാരിച്ചതു്.

"23-ാംനമ്പർ വീടു് ഏതാണു്?" ഞാൻ എനിക്കു് അറിയാവുന്ന കുറച്ചു തമിഴു് നല്ലതുപോലെ പ്രയോജനപ്പെടുത്തിയെന്നു് ഉറച്ചു വിശ്വസിച്ചുകൊണ്ടു് തട്ടിവിട്ടു.

"എനിക്കൊന്നുമറിഞ്ഞുകൂടാ"—അയാൾ കാലു് ഇറക്കിവച്ചിട്ടു് കടുത്ത വെറുപ്പോടെ പറഞ്ഞു.

"ഈ വീടിൻെറ നമ്പരെന്താണു്."—എൻെറ തമിഴു് ആയിരിക്കും അയാൾക്കു് വെറുപ്പുണ്ടാക്കുന്നതെന്നു ഞാൻ വിചാരിച്ചു. വളരെ സൂക്ഷിച്ചു ഞാൻ ചോദിച്ചു.

"ഈ വീടിനു് നമ്പരില്ല"—അയാൾ കസേരയിൽനിന്നെഴുന്നേററു് വരാന്തയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുതുടങ്ങി.

ജീവിതത്തിലാദ്യമായിട്ടാണു് ഞാൻ അയാളെ കണ്ടതു് അയാൾക്കു് എന്നോടു് ഇങ്ങനെ വെറുപ്പുണ്ടാകാൻ ഇതുവരെ കാരണം ഒന്നും ഉണ്ടായിട്ടേയില്ല. പിന്നെയെന്താണു് ഈ വൈരാഗ്യത്തിനു കാരണം? ഞാൻ മിണ്ടാതെ പതറിനിന്നു. അയാൾ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണു്. അനുസരണക്കേടു കാണിച്ച അനന്തരവനെ ശാസിച്ചുകൊണ്ടു് കാരണവന്മാർ നടക്കുന്നമട്ടിൽ.

ഇനിയെന്താണു വഴി? അവിടെ കയറിയതുതന്നെ ശകുനപ്പിഴയായി.

വാതംകൊണ്ടു് കാലിൽ കുറച്ചൊക്കെ നീരു് വ്യാപിച്ചിട്ടുണ്ടു്, അയാൾക്കു്. കുടവയറു കുറച്ചുണ്ടെന്നും ഇല്ലെന്നും പറയാം. ഒത്തയാളാണു്. ആറടി ഉയരം കാണണം. ചെറുപ്പത്തിൽ നല്ല അരോഗദൃഢഗാത്രനായിരുന്നിരിക്കണം അയാൾ.

ഞാൻ അവിടെനിന്നു് തിരിച്ചു് തെരുവിലേയ്ക്കു് ഇറങ്ങാമെന്നുകരുതി തിരിഞ്ഞതേ്നടന്നു.

"ആരാ അതു്?"—അകത്തു് ഒരു സ്ത്രീശബ്ദം; നല്ല ഉറപ്പും കാഠിന്യവും ഉള്ള ശബ്ദം. ആ ചോദ്യത്തിൻെറമട്ടിൽത്തന്നെ അഹങ്കാരത്തിൻെറ ലക്ഷണം അറിയാനുണ്ടായിരുന്നു. ഞാൻ തിരിഞ്ഞുനിന്നു. വീട്ടിനുള്ളിൽനിന്നു് വെളുത്തുതടിച്ച കോറനാടൻചേല ചുററിയ ഒരു സ്ത്രീ വരാന്തയിലേയ്ക്കു വന്നു. ധാരാളം മുടിയുള്ളതു് പിറകിൽ കെട്ടിവച്ചിട്ടുണ്ടു്. അതിനെച്ചുററി രണ്ടുചുററു് മുല്ലപ്പൂവും അണിഞ്ഞിരിക്കുന്നു. അവർ വരാന്തയിൽ വരുന്നതിനുമുമ്പുതന്നെ പൂവിൻെറ മണം എൻെറ മൂക്കിൽ വന്നുകയറിക്കഴിഞ്ഞു. വേഷംകെട്ടാൻ വളരെ ശ്രദ്ധിച്ചിട്ടുണ്ടെന്നു് അവരുടെ ആകപ്പാടെയുള്ള മട്ടിൽനിന്നു് വ്യക്തമാണു്. നല്ലതുപോലെ കണ്ണെഴുതി നെററിയുടെനടുക്കു് കുങ്കുമപ്പൊട്ടു് തൊട്ടിട്ടുണ്ടു്. മൂക്കിലുംവച്ചിട്ടുണ്ടു്. സാമാന്യത്തിലധികം മാംസളമായ ശരീരം. വല്ലാതെ മുഴച്ചുനില്ക്കുന്ന മാറിടം. ആരോടും അരക്കൈ നോക്കാമെന്നു് ഉറക്കെ വിളിച്ചുപറയുന്ന ഭാവം.

"ഒരു വീടുതിരക്കി ഇങ്ങോട്ടു കേറിയതാണു്." ഞാൻ പതിഞ്ഞമട്ടിൽ പതുക്കെപ്പറഞ്ഞു.

"ഏതുവീടു്?"—അവർ എന്നെ നേരിട്ടുനോക്കിക്കൊണ്ടു് ചോദിച്ചു വരാന്തയിൽ നടപ്പുനിർത്തിയ വയസ്സൻ ഒരു കോണിൽ സാധുവിനെപ്പോലെ നിലയുറപ്പിച്ചു.

"23-ാംനമ്പർ വീടു്"—

"അതാ അക്കാണുന്നതാണു്."—മാംസളമായ വെളുത്ത കൈ ഉയർത്തി ചൂണ്ടിക്കൊണ്ടു് അവർ പറഞ്ഞു—നല്ല തമിഴിൽ. ഞാൻ തിരിഞ്ഞു് അങ്ങോട്ടുനോക്കി.

"എനിക്കു് തമിഴു് നല്ല വശമില്ല. എൻെറ തമിഴുകേട്ടായിരിക്കും ആ ജോലിക്കാരൻ......"

അവരുടെ മുഖത്തു് പുഞ്ചിരി വ്യാപിച്ചു, വരാന്തയിൽ ഒതുങ്ങിനിന്നിരുന്ന ആളിനെനോക്കി ഞാനതു പറഞ്ഞപ്പോൾ.

"ജോലിക്കാരനല്ല.....വീട്ടുകാരനാ!"—നാണംകുണുങ്ങിയാണു് അവരതു പറഞ്ഞതു്.

"ഓ!"—ഞാൻ ക്ഷമാപണംചെയ്യുന്നമട്ടിൽ ഒന്നു മൂളി.

"സഹായത്തിനു നന്ദി!"—ഞാൻ തിരിഞ്ഞുനടന്നു് തെരുവിലേയ്ക്കു് ഇറങ്ങി!

* * * *

മൂന്നുകൊല്ലത്തിലധികമായി ആ വീട്ടിൽ ഞങ്ങൾ താമസംതുടങ്ങിയിട്ടു്. സാമാന്യം സൗകര്യമുള്ള ഒരു കൊച്ചുവീടു്. തെരുവിലെ ശബ്ദവും ബഹളങ്ങളുമൊക്കെ സഹിക്കണമെന്നൊരു ദോഷമുണ്ടു്. അവിടത്തെ ആൾസഞ്ചാരം അടങ്ങാൻ അർദ്ധരാത്രി കഴിയണം. അതു കഴിഞ്ഞാലും രാത്രിയുടെ നിശ്ശബ്ദതയെ ഭേദിക്കുന്ന സംഭവങ്ങൾ കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരിക്കും. നിലാവുള്ള രാത്രികളിൽ നിശ്ശബ്ദത അവിടെ കാണുകയില്ല' ആളുകളുടെ വർത്തമാനങ്ങളും വഴക്കുകളും കൂട്ടച്ചിരികളുംതന്നെ. കൂടെക്കൂടെ പലഹാരക്കച്ചവടക്കാരുടെ ഉന്തുവണ്ടിയുടെ മണിയടിയും, തപ്പുകൊട്ടിപ്പാടുന്ന സംഘക്കാരുടെ ഈണത്തിനൊപ്പിച്ച ശബ്ദവും.........അങ്ങിനെ പലതും.........

പ്രഭാതത്തിന്റെ പ്രകാശം ഇരുട്ടിന്റെ മൂടുപടം പതുക്കെ ഉയർത്തിത്തുടങ്ങുന്നതിനുമുമ്പു് ആ തെരുവു് ഉണർന്നുകഴിയും. എരുമയുടെ കുളമ്പടിയും കറവക്കാരുടെ സംസാരവും ആണു് അവിടെ ആദ്യംകേൾക്കാറുള്ള ശബ്ദങ്ങൾ. അതുകഴിഞ്ഞാൽ പിന്നെ ഇടിയപ്പക്കാരന്റെ അരങ്ങേറ്റമാണു്. ഈണത്തിനൊപ്പിച്ച അയാളുടെ നീണ്ട വിളികേട്ടാണു് ആളുകളധികവും ഉണരാറു്. പച്ചക്കറിക്കച്ചവടപ്പെണ്ണുങ്ങളുടെ വിളിയായി......തെരുവു് ഉണർന്നുകഴിഞ്ഞു. പ്രഭാതത്തിന്റെ വെളിച്ചം വീശിക്കഴിഞ്ഞു. ഇങ്ങനെ ആവർത്തിച്ചാവർത്തിച്ചാണു് ആ തെരുവിൽക്കൂടി ഓരോ ദിവസവും നടന്നുമറയുന്നതു്; കാലം കടന്നുപോകുന്നതു്. അവിടത്തെ വേഷക്കാരൊക്കെ മാറുന്നുണ്ടായിരിക്കാം. എന്നാൽ അരങ്ങും അവിടത്തെ സംഭവങ്ങളും അതേനിലയിൽ തുടർന്നുപോകുകയാണു്......

കഴിഞ്ഞ മൂന്നുകൊല്ലക്കാലമായി എന്റെ കൺമുമ്പിൽക്കൂടി ആ തെരുവിലെ ജീവിതം അങ്ങിനെ പ്രവഹിച്ചു. ആ തെരുവിനെ ഒരു ഉത്തമമിത്രത്തെപ്പോലെ ഞാൻ സ്നേഹിച്ചു. അതേനിലയിൽ അതുമായി ഇണങ്ങിച്ചേർന്നു. ഇന്നു് എന്റെ ജീവിതവും അതിന്റെ ജീവിതത്തിന്റെ ഒരംശമാണു്.

അവിടുള്ളവരൊക്കെ മിക്കവാറും എന്റെ പരിചയക്കാരായി. അയലത്തുകാരൊക്കെ അടുത്ത മിത്രങ്ങളായി. അവരുടെ ഓരോരുത്തരുടെയും ജീവിതത്തിന്റെ ചരിത്രം ഇന്നെനിക്കു് അറിയാം. ഒരുകാലത്തു അവരെയെല്ലാം അവജ്ഞയോടെ ഞാൻ നോക്കിയിരുന്നു. അവരുടെ പെരുമാറ്റങ്ങളെക്കുറിച്ചു് ഞാൻ പതുക്കെയെങ്കിലും പരാതിപ്പെട്ടിരുന്നു. ഇന്നു എനിയ്ക്കു അവരെക്കുറിച്ചു് പരാതിപറയാനൊന്നുമില്ല. സഹതപിക്കാനും ചിലപ്പോൾ അവരോടൊത്തു ഉറക്കെ ചിരിക്കാനും ഞാൻ പഠിച്ചുകഴിഞ്ഞു.

എന്റെ വീടിനുതൊട്ടെതിരെയാണു് അന്നു ആദ്യം ഞാൻ കണ്ട ആ വീടു്. ആ വീട്ടിൽ ജീവിക്കുന്നവരുടെ ജീവിതകഥയെനിക്കു് നല്ലവണ്ണം അറിയാം.

ആ വൃദ്ധൻ രണ്ടുദിവസത്തിനുമുമ്പു് മരിച്ചുപോയി. അയാളുടെ ഭാര്യ—ആ വെളുത്തുതടിച്ച സ്ത്രീ—അന്നും എന്നത്തേയുംപോലെ വരാന്തയിൽവന്നു് പുറത്തേയ്ക്കു നോക്കിനില്ക്കുന്നതു ഞാൻ കണ്ടു. അവരുടെ വേഷത്തിലോ ഭാവത്തിലോ ഒരു വ്യത്യാസവും ഞാൻ കണ്ടില്ല. അകത്തു് അവരുടെ ഭർത്താവു് മരിച്ചുകിടക്കുകയാണെന്നു തോന്നുകയില്ല അവരുടെ അവിടെയുള്ള നില്പുകണ്ടാൽ. അരമണിക്കൂർകഴിഞ്ഞു് അയാളുടെ ജഡം നാലഞ്ചാളുകൾ എടുത്തു് വണ്ടിയിൽഇട്ടു് ശ്മശാനത്തിലേക്കു് കൊണ്ടുപോയി. അപ്പോഴും അവൾക്കു് ഒരു ഭാവഭേദവും ഞാൻ കണ്ടില്ല. വീട്ടുസാമാനങ്ങൾ വണ്ടിയിൽകയറ്റി മറ്റൊരിടത്തേയ്ക്കു് അയയ്ക്കുന്നതുപോലെയാണു് അവർ അയാളുടെ ജഡം വണ്ടിയിൽകയറ്റി ശ്മശാനത്തിലേക്കു് കൊണ്ടുപോയതു്. ആരും അവിടെ നിലവിളിച്ചില്ല. ആരുടെയും കണ്ണുകൾ നിറഞ്ഞില്ല. ആ തെരുവിലെ പൊടിമണ്ണു് ആരുടെയും കണ്ണുനീരുകൊണ്ടു് നനഞ്ഞില്ല. ഒന്നും വിശേഷവിധിയായി സംഭവിച്ചതായി അവിടെ അനുഭവപ്പെട്ടുമില്ല. മരണത്തെ ഇത്ര കാര്യമാത്രപ്രസക്തമായി കൈകാര്യംചെയ്യുന്നതു് ഇതിനുമുമ്പൊരിക്കലും ഞാൻ കാണുകയുണ്ടായിട്ടില്ല.

ആഫീസിൽനിന്നു മടങ്ങിയെത്തി നടക്കാനായിട്ടിറങ്ങാൻ വേഷംമാറിക്കൊണ്ടിരിക്കുകയായിരുന്നു ഞാൻ. അപ്പോൾ ആ വീട്ടിൽ—എതിരെയുള്ള ആ വീട്ടിൽ—ഒരു സ്ത്രീയുടെ ദീർഘമായ നിലവിളി പെട്ടെന്നുയർന്നു. ഞാൻ ശ്രദ്ധിച്ചു. അതേ, രണ്ടുദിവസംമുമ്പു് അവിടെ ആ വൃദ്ധൻ മരിച്ചതാണു്. അതു് അവിടത്തെ സ്ത്രീയുടെ കരച്ചിലാണെന്നു് എനിക്കു് ശ്രദ്ധിച്ചപ്പോൾ മനസ്സിലായി. ഞാൻ ഗേറ്റിന്റെ അടുത്തേക്കു് ഇറങ്ങിനിന്നു. അകത്തു് ഹൃദയംപൊട്ടുന്നതുപോലെ അവർ നിലവിളിക്കുന്നു. ആരോ ഒന്നുരണ്ടുപേർമാത്രം അവിടെ വരാന്തയിൽ നില്പുണ്ടു്; മാന്യമായി വേഷംധരിച്ചിട്ടുള്ളവർ. അകത്തുകിടന്നു നിലവിളിക്കുന്ന ആ സ്ത്രീയെ ആശ്വസിപ്പിക്കാൻ അവരാരും കൂട്ടാക്കുന്നതായി എനിക്കു തോന്നിയില്ല മരണദിവസംപോലും നിലവിളി ഉയരാത്ത വീട്ടിൽ, അതുകഴിഞ്ഞു് രണ്ടുദിവസമായപ്പോൾ, ഇന്നു് ഇങ്ങനെയൊരു സംഭവവികാസം ഉണ്ടാകാനെന്തുകാരണം? എനിക്കു് കടുത്ത ജിജ്ഞാസയുണ്ടായി.........

അതിന്റെ പിറകിൽ ഒരു നീണ്ട കഥയുണ്ടു്.........

അതു് രണ്ടുദിവസംമുമ്പു മരിച്ച ആ വൃദ്ധന്റെയും ഇന്നു് അവിടെ കിടന്നു നിലവിളിക്കുന്ന ആ സ്ത്രീയുടെയും കഥയാണു്. അതു ചുരുക്കിപ്പറയാം.

മാണിക്കം എന്നാണു് അയാളുടെ പേരു്. നല്ല സമ്പത്തുള്ള ഒരു പഴയ കുടുംബത്തിലെ അംഗമായിരുന്നു അയാൾ. എൻജിനീയറിംഗു് ഉന്നതമായനിലയിൽ പഠിച്ചു പാസ്സായി. കുറച്ചുനാൾ ഒരു സ്വകാര്യസ്ഥാപനത്തിൽ അയാൾ ജോലിനോക്കി. നല്ല ശമ്പളവും അന്തസ്സുമുള്ള ജോലി. ആയിടയ്ക്കാണു് അയാളുടെ വിവാഹം നടന്നതു്. അതു് അയാളുടെ വീട്ടുകാർ ഏർപ്പാടുചെയ്തതായിരുന്നു. ധാരാളം സമ്പത്തുള്ള ഒരു കുടുംബത്തിലെ ഒരേഒരു പെൺകുട്ടി. കാളേജിൽ പഠിച്ചുകൊണ്ടിരുന്ന കാലത്താണു് മാണിക്കം അവളെ വിവാഹംകഴിച്ചതു്. കണ്ടാൽകൊള്ളാം. പക്ഷെ പെരുമാറ്റത്തിൽ ഒരു മയവുമില്ലാത്ത രീതിയാണു്. പരിഷ്കാരമട്ടുകളും. വൈകുന്നേരം ക്ലബ്ബിൽ പോകണം. മദിരാശിയിൽ അവൾക്കു് ഇഷ്ടമുള്ള എല്ലാ പരിപാടികൾക്കും അവൾ പോകും. ശേഷിച്ചു് വീട്ടിൽകഴിയുന്നവേളകൾ വളരെ കുറയും. മാണിക്കത്തിനു് ഇതൊന്നുമിഷ്ടമായില്ല. അയാൾ അതു് അവളെ അറിയിച്ചുനോക്കി. പക്ഷെ അതുകൊണ്ടു് ഫലമൊന്നുമില്ലെന്നുകണ്ടപ്പോൾ അയാൾ കണ്ണടച്ചു.

ഏഴുകൊല്ലത്തെ ദാമ്പത്യത്തിൽ മാണിക്കത്തിന് ലാഭമെന്നു പറയാൻ ഉണ്ടായതു് നാലു കുട്ടികളാണ്. മൂന്നുപെണ്ണും ഒരാണും. ആണാണ് ഉള്ളതിൽ ഇളയതു്. ഏഴുകൊല്ലമെന്നു് എടുത്തുപറയാൻ കാരണമുണ്ട്. വിവാഹംകഴിഞ്ഞു് ഏഴുകൊല്ലമായപ്പോഴാണ് അയാളുടെ കുടുംബത്തിൽനിന്നു് മാണിക്കത്തിനു് ഭാഗം കിട്ടിയതു്. ഏതാണ്ടു് ഒരു ലക്ഷത്തോളം രൂപായുടെ സ്വത്തു് അയാൾക്കുകിട്ടി. അതു കിട്ടിക്കഴിഞ്ഞപ്പോൾ ഉദ്യോഗം രാജികൊടുത്തിട്ടു് അയാൾ സ്വന്തം ബിസിനസ്സ തുടങ്ങി. എന്നാൽ ബിസിനസ്സ് തുടങ്ങുന്നതിനുമുമ്പു് തൻെറ സ്വത്തെല്ലാം ഭാര്യയുടെ—ഭാഗ്യലക്ഷ്മിയുടെ—പേരിലാക്കി. ബിസിനസ്സ്—യന്ത്രോപകരണങ്ങളുടെ വിതരണവും വില്പനയും മററും. അയാൾ തൊട്ടതൊക്കെ പൊന്നായെന്നു പറയാം. കുറഞ്ഞകാലംകൊണ്ടു് അയാൾ ആ വിഭാഗത്തിലെ ഏററവും സമുന്നതനായ ബിസിനസ്സകാരനായിത്തീർന്നു.

എന്നാൽ മാണിക്കത്തിനു് ഒരു വശത്തുക്കൂടി ഉണ്ടായ ഉൽക്കർഷത്തിനു് ബദലെന്നോണം അയാളുടെ ദാമ്പത്യം ക്രമേണ പരാജയത്തിലേയ്ക്കു നീങ്ങുകയാണുണ്ടായതു്. അയാളുടെ സ്വത്തെല്ലാം ഭാഗ്യലക്ഷ്മിയുടെ പേരിൽ ആയതിനുശേഷം അവളുടെ രീതി ആകപ്പാടെ മാറി. മുമ്പും വളരെ വിശേഷമായിരുന്നില്ല. എങ്കിലും കുറച്ചൊരു മയമൊക്കെയുണ്ടായിരുന്നു. അവളുടെകൂടെയുള്ള ജീവിതം ഒരു കുട്ടത്തുവേദനയായി അയാൾക്കു തോന്നിത്തുടങ്ങി. അങ്ങിനെ അയാൾ ഏതാണ്ടു നാലുകൊല്ലം കഴിച്ചുനോക്കി.

ഈ കാലത്താണ് അയാൾ കോതനായകിയുമായി പരിചയമായതു്. അവൾ കോവിലിനടുത്തുള്ള ഗ്രാമത്തിൽ ആയിരുന്നു താമസം. അമ്മ നേരത്തേ മരിച്ചുപോയി. അച്ഛൻ ഒരു ടൈപ്പിസ്റ്റായിരുന്നു. അയാൾക്കു് ആദ്യം കുറെനാൾ മാണിക്കത്തിൻെറ സ്വകാര്യബിസിനസ്സ് ആഫീസിൽ ജോലിയുണ്ടായിരുന്നു. എന്നാൽ അനാരോഗ്യവാനായിരുന്ന അയാൾക്കു് അതു് അധികനാൾ തുടരാനുള്ള അവസരമുണ്ടായില്ല. സാമാന്യത്തിലധികം പൊക്കമുള്ള, എന്നാൽ തീരെ മെലിഞ്ഞ ഒരു മനുഷ്യൻ. നീണ്ടുവളഞ്ഞ മൂക്കാണ് അയാളുടെ പ്രത്യേകത. ആരും ഒരിക്കൽകണ്ടാൽ അയാളെ മറക്കാൻ ഇടവരുത്താത്തതു് അതാണ്.

മാണിക്കത്തിൻെറ കീഴിൽ ജോലിയിലിരിക്കുമ്പോൾ ശങ്കരയ്യരുടെ വീട്ടിൽ മാണിക്കം പലപ്പോഴും പോയിട്ടുണ്ടു്. അങ്ങിനെയാണ് കോതനായകിയുമായി അയാൾ പരിചയത്തിലെത്തിയതു്. സ്വന്തം ഭാര്യയിൽനിന്നു് അയാൾക്കു് ലഭ്യമാകാതെ പോയ ജീവിതസുഖങ്ങൾ കോതനായകിയിൽനിന്നു് അയാൾക്കു് സിദ്ധിച്ചു. ആ ബന്ധം രഹസ്യമായി വച്ചുകൊണ്ടിരിക്കാൻ അധികനാൾ അയാൾക്കു് സാധിച്ചില്ല. വിജാതീയനായ ഒരാളുമായുള്ള മകളുടെ വേഴ്ച ശങ്കരയ്യരെ വല്ലാതെ വിഷമിപ്പിച്ചു. അയാൾക്കു് അതു് പൊറുക്കാൻ പററിയില്ല. മകളെ ആവുന്നത്ര വിലക്കിനോക്കി. മാണിക്കത്തിൻെറ കാലുപിടിച്ചു് കേണുനോക്കി. അവരുടെ ആ ബന്ധം അതുകൊണ്ടൊന്നും തകർന്നില്ല. ഒടുവിൽ ശങ്കരയ്യരെ അവിടെങ്ങും കാണാതായി. മാനക്കേടു ഭയന്നു് അയാൾ നാടുവിട്ടതാണെന്നാണ് നാട്ടുകാർ പറയുന്നതു്.

ആഫീസിൽനിന്നു് മാണിക്കം മടങ്ങിയെത്തിയതു് രാത്രി ഏതാണ്ടു് എട്ടുമണിയോടു് അടുത്ത സമയത്താണ്. അയാളുടെ ഭാര്യ സ്വീകരണമുറിയിൽ ഇരിക്കുന്നു. തികച്ചും അപ്രതീക്ഷിതമായ ഒരു സംഭവമാണതു്. പത്തുമണി കഴിയാതെ അവരെ വീട്ടിൽ കാണുക പതിവില്ല. അവൾ അവിടെ ഇരിക്കുന്നതു് കണ്ടക്കാതെ അയാൾ അകത്തേമുറിയിലേയ്ക്കു് നടന്നു.

"എങ്ങോട്ടു പോകുന്നു?—" ഇടിമുഴക്കംപോലെ ആ വാക്കുകൾ അയാളുടെ ചെവിയിൽ ചെന്നുവീണു. "ഇനി ഇവിടെ കാലു കുത്തരുതു്. ഇതെൻെറ വീടാണ്. മററേ അവളുണ്ടല്ലോ. അതുമതി." അവൾ ജ്വലിക്കുകയാണ്. അങ്ങിനെ അന്നു് ആരംഭിച്ച കലഹം അവരുതമ്മിൽ നടന്നിരുന്ന ദീർഘനാളത്തെ കലഹങ്ങളുടെ അവസാനത്തേതായിരുന്നു.

പിറേറന്നുമുതൽ കോതനായകിയും മാണിക്കവും ഒന്നിച്ചു പുതിയൊരുതാമസം തുടങ്ങി.

അന്നുവരെ മാണിക്കത്തിനുണ്ടായിരുന്ന സ്വത്തൊക്കെ ആദ്യഭാര്യയുടെ പേരിലായിരുന്നല്ലോ. അതെല്ലാം അയാൾക്കു നഷ്ടമായി. എന്നാൽ കുറച്ചുകാലംകൊണ്ടു് അയാൾക്കു് നല്ല സ്വകാര്യസമ്പാദ്യം നേടുന്നതിനു സാധിച്ചു. മുമ്പൊരിക്കലും അറിഞ്ഞിട്ടില്ലാത്ത കുടുംബസുഖം അയാൾ ആസ്വദിച്ചു. കോതനായകിയുമായി ജീവിതം വീണ്ടും ആരംഭിച്ചതിനുശേഷം അയാൾ കഴിഞ്ഞുപോയ കാലത്തെപ്പററി വിചാരിച്ചിരിക്കുകയില്ല. പുതിയ പ്രകാശമാനമായ കാലവുമായി താരതമ്യപ്പെടുത്തുമ്പോൾ പഴയതു് ഇരുണ്ട രാത്രിപോലെയാണ് അയാൾക്കു തോന്നിയതു്.

ഞങ്ങളുടെ കെട്ടിടത്തിനെതിരെയുള്ള ആ ഉയർന്നകെട്ടിടം അയാൾ പണിതതാണ്. അവിടെ അയാളും കോതനായകിയും താമസംതുടങ്ങിയിട്ടു് പതിനെട്ടുകൊല്ലം കഴിഞ്ഞു. രണ്ടുലക്ഷത്തിലധികംരൂപായുടെ സ്വത്തുണ്ടു് അയാൾക്കു്. അതെല്ലാം അയാളുടെപേരിൽമാത്രം പിന്നീടു് സമ്പാദിച്ചതാണ്.

മരിക്കുന്നതിനുമുമ്പു് രണ്ടുകൊല്ലത്തോളം അയാൾ വാതരോഗംകൊണ്ടു വല്ലാതെ വിഷമിച്ചു. മിക്കവാറും കിടപ്പുതന്നെ. ഈ കാലഘട്ടത്തിനുമുമ്പാണ് ഞാൻ ആ തെരുവിൽ താമസത്തിനു് വന്നതു്.

അയലത്തു് തെരുവിനെതിരേയുള്ള വീട്ടിൽനിന്നു ആ സ്ത്രീയുടെ ദീനരോദനം ഉയരുകയാണ്. മരണദിവസംപോലും അവരുടെ കണ്ണു നിറഞ്ഞതായി എനിക്കു തോന്നിയതല്ല. ഇതിനെന്താണു കാരണം?

ഞാൻ വീട്ടിൽനിന്നിറങ്ങി അവരുടെ പടിക്കലേയ്ക്കുചെന്നു. ആ തെരുവിലെ മറെറാരു വീട്ടിലെ താമസക്കാരൻ അവിടെ നില്പുണ്ടായിരുന്നു. എന്നെ കണ്ടപ്പോൾ അയാൾ അടുത്തേയ്ക്കു വന്നു.

"ഈ വീട്ടിൽനിന്നു അവരെ ഇറക്കിവിടാൻ വന്നിരിക്കുകയാണ് ഇവർ."

"ങേ!"—എനിക്കൊന്നും മനസ്സിലായില്ല. "എന്തു്?"

"മാണിക്കത്തിൻെറ മരണപത്രപ്രകാരം ഈ കെട്ടിടവും സ്വത്തുമെല്ലാം ആദ്യത്തെ ഭാര്യയ്ക്കും മക്കൾക്കുമാണ്."

"ഇവർക്കോ?"—ഞാൻ ചോദിച്ചു.

"കോതനായകിക്കു് ഒന്നും ഇല്ല."

"ഇല്ലേ?"

"ഇല്ല. ഈ വീടു് ഒഴിപ്പിക്കാനാണ് അവർ വന്നിരിക്കുന്നതു്."

എനിക്കു ഒന്നും പറയണമെന്നു തോന്നിയില്ല. വാതംപിടിച്ചു വിഷമിക്കുന്നകാലത്താണ് ഞാൻ മാണിക്കത്തിനെ കണ്ടിട്ടുള്ളതു്. അയാളെ കാര്യമായിട്ടാണ് ഈ നിലവിളിക്കുന്ന സ്ത്രീ നോക്കിയിരുന്നതും. ആദ്യത്തെ ഭാര്യയ്ക്കാണെങ്കിൽ ഇന്നു മറെറാരു ഭർത്താവുമുണ്ടു്.

"ആദ്യത്തെ ഭാര്യയുടെ— ഭാഗ്യലക്ഷ്മിയുടെ— ഇപ്പോഴത്തെ ഭർത്താവാണ് ആ നില്ക്കുന്ന ആൾ."—വരാന്തയിൽ ഗമയോടെ നില്ക്കുന്ന ഒരു ആളിനെ—ഒരു പരിഷ്കാരിയെ—ചൂണ്ടിക്കാണിച്ചുകൊണ്ടു എൻെറ അടുത്തു നിന്നിരുന്ന ആൾ പറഞ്ഞു: "അയാളാണ് വീടു് ഒഴിപ്പിച്ചെടുക്കാൻ വന്നിരിക്കുന്നതു്?"

"കൊള്ളാം! തരക്കേടില്ല." ഞാൻ ആത്മഗതംപോലെ പറഞ്ഞു:—"ഇവരുടെ ഗതിയെന്താ?"

"എന്താണെന്നെന്താ സംശയം. അവരുടെ കരച്ചില് കേൾക്കുന്നതോ? അവരുടെ ഗതിയെ വിചാരിച്ചായിരിക്കുമല്ലോ അവരിങ്ങനെ നെഞ്ചത്തടിച്ചുകരയുന്നതു്."—എൻെറ കൂട്ടുകാരൻ അത്രയും പറഞ്ഞിട്ടു് ഒരു പച്ചച്ചിരിചിരിച്ചു. "അയാളുടെ സ്വത്തുക്കൾ സകലതും ആദ്യത്തെ ഭാര്യയ്ക്കും മക്കൾക്കും മാത്രമാണെന്നാണ് മരണപത്രത്തിൽ."

ഞാൻ തിരിഞ്ഞു് വീട്ടിലേയ്ക്കു നടന്നു. അപ്പോഴും കോതനായകിയുടെ നിലവിളി അന്തരീക്ഷത്തിൽ മുഴങ്ങിക്കൊണ്ടിരുന്നു.